മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ ചിലതു നടപ്പിലാക്കിയിട്ടുണ്ട്. ബാക്കി വ്യവസ്ഥകൾ പരിശോധിച്ചുവരുകയാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം:

കശുവണ്ടി വികസന കോർപ്പറേഷൻ

2001-ൽ 8 ദിവസവും

2002-2003-ൽ 18 ദിവസവും തൊഴിൽ നൽകിയിട്ടുണ്ട്.

2004-ൽ പരമാവധി ദിവസം ജോലി നൽകാൻ നടപടി സ്വീകരിച്ചു വരുന്നു.

കാപ്പെക്സ്

2002—29 ദിവസവും

2003—51 ദിവസവും

2004—23 ദിവസവും ജോലി നൽകിയിട്ടുണ്ട്.

2004-ൽ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ദിവസം ജോലി നൽകാമെന്നു പ്രതീക്ഷിക്കുന്നു.

സഹകാരികളായ കർഷകരെ കടക്കെണിയിൽ നിന്നു രക്ഷിക്കുവാൻ നടപടി

*12 [102] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
" ടി. യു. രാധാകൃഷ്ണൻ:
" ജി. പ്രതാപവർമ്മ തമ്പാൻ:
" എം. എ. ചന്ദ്രശേഖരൻ:
" വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകാരികളായ കർഷകരെ കടക്കെണിയിൽ നിന്ന് രക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) അവർ തുടർച്ചയായി കടക്കെണിയിൽ അകപ്പെട്ടുപോകാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) ഒരു കർഷകന് സഹകരണ ബാങ്കിൽ നിന്നു വായ്പ ലഭിക്കാൻ അയാളുടെ പേരിൽ ഒരു സർവ്വേ നമ്പരിലുള്ള മുഴുവൻ ഭൂമിയും ബാങ്കിന് പണയപ്പെടുത്തണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ഡി) എങ്കിൽ അതുമാറ്റി വായ്പയെടുക്കുന്ന തുകയ്ക്ക് മതിയായ സെക്യൂരിറ്റിക്കുവേണ്ട ഭൂമിമാത്രം ബാങ്കിന് പണയപ്പെടുത്തിയാൽ മതിയെന്ന വ്യവസ്ഥ ഏർപ്പെടുത്തുമോ;

(ഇ) ഇപ്രകാരം ചെയ്യുന്നതുകൊണ്ട് വായ്പ തിരിച്ചടയ്ക്കാൻ പറ്റാത്തപക്ഷം കർഷകന്റെ മുഴുവൻ ഭൂമിയും ജപ്തിചെയ്യുന്ന നടപടി അവസാനിപ്പിക്കാൻ കഴിയുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഒരു നിശ്ചിതകാലംവരെ തവണയും പലിശയും അടയ്ക്കാതിരുന്നാൽ മാത്രം പിഴപ്പലിശ ഈടാക്കിയാൽ മതിയെന്ന വ്യവസ്ഥ നടപ്പിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സഹകാരികളായ കർഷകരെ കടക്കെണിയിൽനിന്നു രക്ഷിക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തിട്ടുള്ളവർക്ക് അവരുടെ കുടിശ്ശിക, പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ ഒഴിവാക്കി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണയായി അടച്ചുതീർക്കുന്നതിന് വൺ ടൈം സെറ്റിൽമെന്റ് പദ്ധതി ആവിഷ്ക്കരിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും, ടി പദ്ധതിപ്രകാരം വായ്പ കുടിശ്ശിക അടച്ചുതീർക്കുന്നതിനുള്ള കാലാവധി 31-7-2004 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള നിർദ്ദേശ പ്രകാരം 31-3-2003 വരെ കുടിശ്ശികയായിട്ടുള്ള കാർഷിക വായ്പകൾ 10% നിരക്കിലും കാർഷികേതര വായ്പകൾ 11% നിരക്കിലും ഒറ്റത്തവണയായും കുടിശ്ശിക തുകയുടെ 10% അടച്ച് ബാക്കി തുക അടുത്ത 10 തവണകളായും മേൽ പലിശ നിരക്കിൽ അടച്ചുതീർക്കുവാനും കഴിയുന്നതാണ്.

വരൾച്ചമൂലം വ്യാപകമായി കൃഷിനാശം സംഭവിച്ചിട്ടുള്ളത് കണക്കിലെടുത്തും, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽനിന്നെടുത്തിട്ടുള്ള കാർഷിക വായ്പകൾക്കും വിളനാശം സംഭവിച്ചതുകാരണം തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിലും ഹ്രസ്വകാല കാർഷിക വായ്പകൾ തിരിച്ചടയ്ക്കേണ്ട തീയതി മുതൽ മദ്ധ്യകാല വായ്പകളായും, മദ്ധ്യകാല വായ്പകളിലെ തിരിച്ചടയ്ക്കേണ്ടിയിരുന്ന ഗഡുക്കൾ പ്രത്യേക മദ്ധ്യകാല വായ്പകളായി മാറ്റാനും ഹ്രസ്വകാല വായ്പയിലും മദ്ധ്യകാല വായ്പയിലും മാറ്റി നൽകുന്ന തീയതിവരെ ഈടാക്കേണ്ടതായ പലിശയുടെ തിരിച്ചടവ് മാറ്റി വയ്ക്കുവാനും വായ്പ തിരിച്ചടയ്ക്കുന്ന വേളയിൽ മാത്രം വായ്പതുകയും പലിശയും മാറ്റിനിർത്തിയിരുന്ന പലിശയും സഹിതം തിരിച്ചടച്ചാൽ മതിയാകുമെന്നും സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. മദ്ധ്യകാല വായ്പയായി മാറ്റുന്ന വായ്പകൾക്കും ഹ്രസ്വകാല കാർഷിക വായ്പകൾക്ക് ഈടാക്കുന്ന പലിശനിരക്ക് മാത്രമേ ഈടാക്കാൻ പാടുള്ളുവെന്നും ഇത്തരം വായ്പകൾ നൽകുന്നതിന് ജാമ്യം/ഈട് തടസ്സമാകരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനു പുറമെ കാർഷിക വികസന ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള ദീർഘകാല വായ്പകളുടെ കാലാവധി ഒരു വർഷത്തേക്ക് ദീർഘിപ്പിക്കുവാനും, ഇപ്രകാരം ദീർഘിപ്പിച്ചു നൽകുന്ന ഗഡുവിന് ഒരു വർഷത്തിലേക്ക് അടയ്ക്കേണ്ട പലിശ ഒഴിവാക്കി നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കർഷകർക്ക് ആശ്വാസം നൽകുന്നതിന്റെ ഭാഗമായി പ്രാഥമിക വായ്പാ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളിൻമേൽ ആദ്യം 6 മാസത്തേക്കും പിന്നീട് ഒരു വർഷത്തേക്കും ജപ്തി നടപടികൾ നിർത്തിവച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2001-ലെ കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസ) ആക്ടിന്റെ അടിസ്ഥാനത്തിൽ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും 29-12-2001-ന് മുമ്പ് എടുത്തിട്ടുള്ള കാർഷിക വായ്പകൾക്ക് സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യമായി 13.99 കോടി രൂപ ഇതിനകംതന്നെ കർഷകർക്ക് സംഘങ്ങൾ മുഖേന നൽകിയിട്ടുണ്ട്.

(ബി) 9-6-2004-ലെ ജി.ഒ. (എംഎസ്.) 194/2004/റവന്യൂ ഉത്തരവ് പ്രകാരം 2001-ലെ കേരള കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസ) ആക്ടിൻപ്രകാരം 29-12-2001-ന് ശേഷമുള്ള കാലയളവിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 23-1-2004 മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയം നൽകുവാനും, മോറട്ടോറിയം കാലയളവിൽ പലിശയും, പിഴപലിശയും ഇളവനുവദിക്കാനും മോറട്ടോറിയം കാലയളവിൽ പലിശയും, പിഴപ്പലിശയും നൽകുന്നതിൽ വരുന്ന നഷ്ടം സർക്കാർ റീ-ഇംപേഴ്സ് ചെയ്തുനൽകുന്നതിനും വ്യവസ്ഥ ചെയ്തു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കർഷകർക്ക് ആശ്വാസം നൽകുന്നതിന്റെ ഭാഗമായി പുനർ വായ്പാ പദ്ധതി പ്രകാരം പ്രാഥമിക വായ്പാസംഘങ്ങൾ നൽകുന്ന 25,000 രൂപാ വരെയുള്ള കാർഷിക വായ്പയുടെ പലിശ നിരക്ക് 8.5 ശതമാനമായും, 25,000 രൂപയ്ക്ക് മുകളിലുള്ള വായ്പകളുടെ പലിശ നിരക്ക് 9 ശതമാനമായും നിജപ്പെടുത്തി സഹകരണസംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കാർഷിക കടാശ്വാസം നൽകാൻ 2004-2005-ലെ ബഡ്ജറ്റിൽ 25 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) ഒരു കർഷകന് സഹകരണ ബാങ്കിൽ നിന്നു വായ്പ ലഭിക്കാൻ അയാളുടെ പേരിൽ ഒരു സർവ്വേ നമ്പരിലുള്ള മുഴുവൻ ഭൂമിയും ബാങ്കിനു പണയപ്പെടുത്തണമെന്ന വ്യവസ്ഥ നിലവിലില്ല. വായ്പാ ഈടിന് ആവശ്യമായ ഭൂമി മാത്രം പണയപ്പെടുത്തിയാൽ മതിയാവുന്നതാണ്. എന്നാൽ ഒരു പ്രമാണത്തിൽ പരാമർശിച്ച ഭൂമിയിൽ നിന്ന് കുറച്ച് ഭാഗം മാത്രം പണയപ്പെടുത്താൻ കഴിയാത്തതിനാൽ പ്രമാണത്തിൽ പരാമർശിച്ചിട്ടുള്ള മുഴുവൻ ഭൂമിയും ബാങ്കിന് പണയപ്പെടുത്തേണ്ടി വരുന്നു.

(ഇ) വായ്പ അടയ്ക്കാൻ പറ്റാത്തപക്ഷം കർഷകന്റെ മുഴുവൻ ഭൂമിയും ജപ്തി ചെയ്യുന്ന നടപടി നിലവിലില്ല. കേരള സഹകരണ ചട്ടം 85 പ്രകാരം തുക അടയ്ക്കാൻ വീഴ്ച വരുത്തിയ വായ്പക്കാരനിൽ നിന്നും തുക ഈടാക്കുന്നതിന് ആവശ്യമായ ഭൂമി, ഭാഗികമായോ, മുഴുവനായോ മാത്രം വിൽക്കുന്നതിന് സെയിൽസ് ആഫീസർക്ക് അധികാരമുണ്ട്.

(എഫ്) വായ്പ കുടിശ്ശികയായ തീയതിമുതൽ മാത്രമേ പിഴപ്പലിശ ഈടാക്കാറുള്ളു. ഒരു നിശ്ചിതകാലംവരെ തവണയും പലിശയും അടയ്ക്കാതിരുന്നാൽ മാത്രം പിഴപ്പലിശ ഈടാക്കിയാൽ മതിയെന്ന വ്യവസ്ഥ പരിഗണിക്കുന്നത് സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ പരിഗണിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly